പതിമൂന്നാം കേരള നിയമ സഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 534 — 06.07.2012 ൽ മറുപടിക്ക്

## മരുന്നുകളുടെ പാർശ്വഫലങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് :<br>ശ്രീ.എൻ. ഷംസുദ്ദീൻ :<br>ശ്രീ.. എം. ഉമ്മർ മാസ്റ്റർ :<br>ശ്രീ. റ്റി. എ. അഹമ്മദ് കബീർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ചികിത്സാരംഗത്ത് ഉപയോഗിക്കപ്പെടുന്ന മരുന്നുകൾ രോഗികളിൽ ഉണ്ടാക്കുന്ന പാർശ്വഫലങ്ങളെക്കുറിച്ച് ആരോഗ്യവകുപ്പിന്റെ കീഴിൽ എന്തെങ്കിലും പഠനം നടക്കുന്നുണ്ടോ;<br>(ബി) ചില രോഗങ്ങൾക്ക് ഉപയോഗിക്കുന്ന മരുന്നുകൾ മറ്റു ചില ശരീരാവയവങ്ങൾക്ക് കേടുവരുത്തുന്നതായ സംഭവങ്ങൾ ഏതെങ്കിലും പഠനങ്ങളിൽ വെളിപ്പെട്ടിട്ടുണ്ടോ;<br>(സി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ; | (എ), ബി) &(സി)<br>സംസ്ഥാനത്ത് ചികിത്സാരംഗത്ത് ഉപയോഗിക്കപ്പെടുന്ന മരുന്നുകൾ രോഗികളിൽ ഉണ്ടാക്കുന്ന പാർശ്വഫലങ്ങളെ ക്കുറിച്ച് ആരോഗ്യവകുപ്പിന്റെ കീഴിൽ പഠനങ്ങളൊന്നും നടക്കുന്നില്ല. എന്നാൽ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും മരുന്നുകളുടെ പാർശ്വഫലങ്ങൾ നിരന്തരം നിരീക്ഷിക്കുന്നതിനായി ഒരു സെൽ (Adverse Drug Reaction Centre) പ്രവർത്തിക്കുന്നുണ്ട്. ചില മരുന്നുകൾ ചില ശരീരാവയവങ്ങൾക്ക് കേടുവരുത്തുന്നതായ സംഭവങ്ങൾ പ്രസ്തുത സെൽ രേഖപ്പെടുത്തിയിട്ടുണ്ട്. വൃക്ക, കരൾ, ഹൃദയം മുതലായ അവയവങ്ങളുടെ രോഗങ്ങൾക്കുള്ള മരുന്നുകൾക്ക് പാർശ്വ ഫലങ്ങൾ ഉണ്ടാവാറുണ്ട്. |
| (ഡി) മരുന്നുകളുടെ പാർശ്വഫലങ്ങളെക്കുറിച്ച് രോഗികളെ ബോധവാന്മാരാക്കുന്നതിനും സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് അറിവു നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) മരുന്നുകളുടെ പാർശ്വഫലങ്ങളെക്കുറിച്ച് ഡോക്ടർമാരും ക്ലിനിക്കൽ ഫാർമസിയുടെ കീഴിലുള്ള ഫാർമസിസ്റ്റ്മാരും രോഗികളെ ബോധവൽക്കരിക്കുന്നുണ്ട്. കൂടാതെ Online Drug Information തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ